എല്ലാ പ്രവാചകന്മാരും അതീവ വിശ്വസ്തരാണ്. അവർ ജനങ്ങൾക്ക് നൽകുന്നത് കളങ്കമില്ലാത്ത ദൈവിക സന്ദേശമാണ്. ഒരു പ്രവാചകനും ദൈവിക സന്ദേശത്തിൽ വല്ലതും സ്വന്തമായി കൂട്ടിച്ചേർക്കുകയോ ഒളിച്ചുവെക്കുകയോ ഇല്ല. മുഴു ജീവിതത്തിലും പ്രവാചകന്മാർ പ്രവാചകത്വത്തിന് മുമ്പുതന്നെ വിശ്വസ്തതയും ഉത്തരവാദിത്തവുമുള്ളവരായിരിക്കും.



---

كَذَّبَتْ قَوْمُ نُوحٍ الْمُرْسَلِينَ ﴿١٠٥﴾

105. നൂഹിന്റെ ജനത ദൈവദൂതന്മാരെ തള്ളിപ്പറഞ്ഞു.

**105**

كَذَّبَتْ قَوْمُ نُوحٍ = നൂഹിന്റെ ജനത തള്ളിപ്പറഞ്ഞു  الْمُرْسَلِينَ = ദൈവദൂതന്മാരെ

ഇവിടെ മുതൽ 122-ാം സൂക്തം വരെ നൂഹ് നബിയുടെ ചരിത്രം അനുസ്മരിക്കുകയാണ്. നൂഹ് ചരിത്രം നേരത്തേ അൽ*അഅ്റാഫ്, യൂനുസ്, ഹൂദ്, അൽ മുഅ്മിനൂൻ* സൂറകളിൽ വിവരിച്ചിരിക്കുന്നു. *ബനൂ ഇസ്രാഈൽ, അൽഅമ്പിയാഅ്, ലുഖ്മാൻ, നൂഹ്* സൂറകളും അദ്ദേഹത്തെ പരാമർശിക്കുന്നുണ്ട്. തന്റെ കാലത്തുണ്ടായിരുന്ന മുഴുവൻ മനുഷ്യവർഗത്തിന്റെയും പ്രവാചകനായിട്ടാണ് നൂഹ് (അ) കരുതപ്പെടുന്നത്. പിൽക്കാല മാനവരഖിലം അദ്ദേഹത്തിന്റെ സന്തതികളാണെന്നാണ് സങ്കൽപം. വിഗ്രഹാരാധകരെ അഭിമുഖീകരിക്കേണ്ടിവന്ന ആദ്യത്തെ പ്രവാചകനും നൂഹ്(അ) ആണെന്ന് പറയപ്പെടുന്നു. അദ്ദേഹത്തിനു മുമ്പു വന്ന പ്രവാചകന്മാരുടെ കാലത്ത് വിഗ്രഹ വിശ്വാസം ബഹുദൈവവിശ്വാസത്തിന്റെ അവിഭാജ്യഘടകവും വിഗ്രഹാരാധന മതാനുഷ്ഠാനത്തിന്റെ സാരാംശവും ആയിക്കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. നൂഹ് (അ) സ്വതന്ത്രമായ ശരീഅത്തും വേദവും കൊണ്ടുവന്ന റസൂലായും ഗണിക്കപ്പെടുന്നു. ആ ശരീഅത്തിന്റെയോ വേദത്തിന്റെയോ അംശങ്ങളൊന്നും ഇന്ന് അവശേഷിക്കുന്നില്ല.

ആദമിന്റെ (അ) പത്താം തലമുറക്കാരനാണ് നൂഹ് (അ) എന്ന് ബൈബിൾ പറയുന്നു. നൂഹ് നബിയുടെ പുത്രൻ ശേമിന്റെ പത്താം തലമുറക്കാരനാണ് ഇബ്റാഹീം(അ) എന്നും പറയുന്നു.

നൂഹി(അ)നോടൊപ്പം വേറെ പ്രവാചകന്മാർ ആഗതരായിട്ടില്ല. ആദം നബിക്കു ശേഷമുണ്ടായ പ്രഥമ 'റസൂൽ' നൂഹ്(അ) ആണെന്ന് കരുതപ്പെടുന്നു. ഈ രണ്ടു പേർക്കിടയിൽ വന്നവരെല്ലാം നബിമാർ മാത്രമായിരുന്നു. ഖുർആൻ ഇവിടെ നൂഹിന്റെ ജനം ദൈവദൂതന്മാരെ- مرسلين -തള്ളിപ്പറഞ്ഞു എന്നു പറയുന്നത് ഒരു ദൈവദൂതനെ തള്ളിപ്പറയുന്നത് എല്ലാ ദൈവദൂതന്മാരെയും നിഷേധിക്കുന്നതിന് തുല്യമാകുന്നു എന്ന നിലയിലാണ്. എല്ലാ ദൈവദൂതന്മാരുടെയും സന്ദേശം ഒന്നാണ്. അവർ നിയോഗിക്കപ്പെടുന്നതും ഒരേ കേന്ദ്രത്തിൽനിന്നാണ്. ഒരു ദൂതന്റെ നിയോഗവും സന്ദേശവും തള്ളിക്കളയുന്നതിലൂടെ എല്ലാ ദൂതന്മാരുടെയും നിയോഗവും സന്ദേശവും തള്ളിക്കളയപ്പെടുന്നു. നൂഹ് നബിയുടെ കാലത്ത് അദ്ദേഹത്തിന്റെ നാട്ടിൽ മാത്രമേ മനുഷ്യവാസമുണ്ടായിരുന്നുള്ളൂ എന്ന നിഗമനം സ്വീകരിച്ചാൽ قوم نوح (നൂഹിന്റെ ജനം) നൂഹ് നബിയുടെ കാലത്തുണ്ടായിരുന്ന മനുഷ്യസമൂഹം മുഴുവനുമാണ്. قوم-ന്റെ ആശയം നേരത്തേ *അൽഫുർഖാൻ* 18-ാം സൂക്തത്തിനു താഴെ ഖുർആൻ ബോധനം വിശദമാക്കിയിട്ടുണ്ട്. ദേശവും ദേശീയതയുമായി ബന്ധപ്പെട്ടതാണത്. قوم ജനസംഘം എന്ന അർഥത്തിൽ ബഹുവചനമാണ്. അതിന് സ്ത്രീലിംഗ പദമില്ല. ഇവിടെ ബഹുവചനാർഥത്തിൽ ഉപയോഗിച്ചതുകൊണ്ടാണ് അതിന്റെ ക്രിയയെ كذبت എന്ന് സ്ത്രീലിംഗ രൂപത്തിൽ അവതരിപ്പിച്ചത്. എല്ലാ പ്രവാചകന്മാരുടെയും

സന്ദേശം ഒന്നായതുപോലെ അവരെ തള്ളിപ്പറയുന്ന എല്ലാ വിഭാഗങ്ങളുടെയും മനോഗതവും ഒന്നായിരിക്കും. അതിന് അവർ നേരിടേണ്ടിവരുന്ന പരിണിത ഫലവും ഒന്നുതന്നെയായിരിക്കും. പ്രവാചകന്റെ പ്രതിയോഗികളെ ഈ യാഥാർഥ്യം ബോധ്യപ്പെടുത്തുകയാണ് ഇവിടെ ഈ ചരിത്രം അനുസ്മരിക്കുന്നതിന്റെ താൽപര്യം. ■

---

إِذْ قَالَ لَهُمْ أَخُوهُمْ نُوحٌ أَلَا تَتَّقُونَ ﴿١٠٦﴾

إِنِّي لَكُمْ رَسُولٌ أَمِينٌ ﴿١٠٧﴾

فَاتَّقُوا اللَّهَ وَأَطِيعُونِ ﴿١٠٨﴾

106. അവരുടെ സഹോദരൻ നൂഹ് ഉപദേശിച്ചതോർക്കുക: നിങ്ങൾ ദൈവഭയമുള്ളവരാകുന്നില്ലയോ?

107. ഞാൻ നിങ്ങൾക്കുള്ള വിശ്വസ്തനായ ദൈവദൂതനാകുന്നു.

108. ആകയാൽ അല്ലാഹുവിൽ ഭയഭക്തിയുള്ളവരാകുവിൻ. എന്നെ അനുസരിക്കുവിൻ.

**106-108**

إِذْ قَالَ لَهُمْ = അവരോട് പറഞ്ഞ(ഉപദേശിച്ച)ത് ഓർക്കുക

أَخُوهُمْ نُوحٌ = അവരുടെ സഹോദരൻ നൂഹ് أَلَا تَتَّقُونَ = നിങ്ങൾ (ദൈവ)ഭയമുള്ളവരാകുന്നില്ലയോ

إِنِّي لَكُمْ = ഞാൻ നിങ്ങൾക്കുള്ള رَسُولٌ أَمِينٌ = വിശ്വസ്തനായ ദൈവദൂതനാകുന്നു

فَاتَّقُوا اللَّهَ = ആകയാൽ നിങ്ങൾ അല്ലാഹുവിൽ ഭയഭക്തിയുള്ളവരാകുവിൻ

وَأَطِيعُونِ = എന്നെ അനുസരിക്കുവിൻ

നൂഹ് നബിയെ അദ്ദേഹത്തിന്റെ സമുദായത്തിന്റെ 'സഹോദരൻ' ( أَخُوهُمْ ) എന്നു വിശേഷിപ്പിച്ചിരിക്കുന്നു. മറ്റു പ്രവാചകന്മാരെയും ഖുർആൻ ഇങ്ങനെ അവരുടെ സമുദായത്തിന്റെ സഹോദരൻ എന്ന് വിശേഷിപ്പിക്കുന്നുണ്ട്. ഇതിന് രണ്ട് മാനങ്ങളുണ്ട്: ഒന്ന്, മുഹമ്മദ് നബി അദ്ദേഹം നേരിട്ട് പ്രബോധനം ചെയ്യുന്ന ഖുറൈശി ഗോത്രത്തിലെ ഒരംഗമായിരുന്നു. അവർക്ക് അദ്ദേഹത്തിന്റെ സ്വഭാവചര്യകൾ നന്നായറിയാമായിരുന്നു. അത്ഭുതസിദ്ധികളുമായി, അല്ലെങ്കിൽ സമ്പത്ത് നിറഞ്ഞ ഖജനാവുകളുമായി മാലാഖമാരുടെ അകമ്പടിയോടെ ആകാശത്തുനിന്ന് ഇറങ്ങിവന്നവനായിരുന്നില്ല നൂഹ്. അദ്ദേഹം സ്വജനത്തിലേക്ക് നിയുക്തനായതുപോലെയാണ് മുഹമ്മദ് നബി അദ്ദേഹത്തിന്റെ ജനത്തിലേക്കും നിയുക്തനായിരിക്കുന്നത്. പ്രവാചകന്മാരെല്ലാം അവരുടെ പ്രബോധിതരെ സഹോദരതുല്യം സ്നേഹിക്കുന്ന ഗുണകാംക്ഷികളാകുന്നു എന്നതാണ് രണ്ടാമത്തെ മാനം. അവർ ഒരിക്കലും ജനങ്ങളെ പീഡിപ്പിച്ചും ചൂഷണം ചെയ്തും വഴിപിഴപ്പിച്ചും സ്വാർഥ ഭൗതിക ലാഭങ്ങൾ നേടാൻ വേണ്ടി വരുന്നവരല്ല.

നൂഹ് നബി ജനങ്ങളെ അഭിമുഖീകരിച്ചു നടത്തുന്ന ആദ്യ ആഹ്വാനമല്ല ഇത്. ആദ്യം പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നാഥനുമായ അല്ലാഹുവിനെ പരിചയപ്പെടുത്തി. അവനിൽ വിശ്വസിക്കേണ്ടതിന്റെയും അനുസരിക്കേണ്ടതിന്റെയും ആവശ്യകത ബോധിപ്പിച്ചു. അവന്റെ ധർമശാസനകളും വിധിവിലക്കുകളും പ്രബോധനം ചെയ്തു. അതിനു വിപരീതമായി അവരനുവർത്തിക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വർജിക്കാനുപദേശിച്ചു. അക്രമങ്ങളും അനീതികളും അവരുടെ ഇഹ-പര ജീവിതത്തിന് ദോഷകരമാണെന്ന് ബോധിപ്പിച്ചു. ഏതാണ്ട് ആയിരത്താണ്ടുകൾ ഇങ്ങനെ കടന്നുപോയി. നൂഹ് ജനതയിൽ അശേഷം പരിവർത്തനമുണ്ടായില്ല; അവർ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അനീതികളിലും അധർമങ്ങളിലും അനവരതം മുന്നേറിക്കൊണ്ടിരുന്നു. ഈ സാഹചര്യത്തിൽ നൂഹ് (അ) അവസാന വാക്കായി പറയുകയാണ്: എന്റെ ജനമേ, അസത്യത്തിലും അധർമത്തിലും അനീതിയിലും വിഹരിക്കുന്ന നിങ്ങൾ ഇനിയും ദൈവഭയമുള്ളവരാകുന്നില്ലയോ? أَلَا تَتَّقُونَ -ന് ജീവിതത്തിൽ സൂക്ഷ്മതയുള്ളവരാകുന്നില്ലേ, ജാഗ്രതയുള്ളവരാകുന്നില്ലേ, ദൈവഭക്തരാകുന്നില്ലേ എന്നും ആശയമാകാം. എല്ലാറ്റിന്റെയും സാരാംശം ഒന്നുതന്നെയാണ്; അല്ലാഹുവിൽ വിശ്വസിക്കുകയും സമർപ്പിക്കുകയും അനുസരിക്കുകയും ചെയ്യുക. ദൈവഭയമുള്ളവരാകുന്നുവെങ്കിൽ ആ ഭയം ജീവിതത്തിൽ പ്രതിഫലിപ്പിക്കാനുള്ള അവസാന അവസരമാണിത്. ദൈവഭക്തരായി ജീവിക്കേണ്ടതെങ്ങനെയെന്ന് നിങ്ങളെ പഠിപ്പിക്കാൻ നിയുക്തനായ ദൂതനാണ് ഞാൻ. അവന്റെ സന്ദേശങ്ങളാണ് ഞാൻ കേൾപ്പിക്കുന്നത്. ആ സന്ദേശങ്ങളുടെ പ്രയോഗമാണ് എന്റെ ജീവിതത്തിലൂടെ കാണിച്ചുതരുന്നത്. ആകയാൽ എന്നെ വിശ്വസിക്കുവിൻ. ഞാൻ

പറയുന്നത് അല്ലാഹുവിന്റെ കൽപനകളായതിനാൽ എന്നെ അനുസരിക്കുമ്പോൾ നിങ്ങൾ അല്ലാഹുവിനെയാണ് അനുസരിക്കുന്നത്. എല്ലാ പ്രവാചകന്മാരും അതീവ വിശ്വസ്തരാണ്. അവർ ജനങ്ങൾക്ക് നൽകുന്നത് കളങ്കമില്ലാത്ത ദൈവിക സന്ദേശമാണ്. ഒരു പ്രവാചകനും ദൈവിക സന്ദേശത്തിൽ വല്ലതും സ്വന്തമായി കൂട്ടിച്ചേർക്കുകയോ ഒളിച്ചുവെക്കുകയോ ഇല്ല. മുഴു ജീവിതത്തിലും പ്രവാചകന്മാർ പ്രവാചകത്വത്തിന് മുമ്പുതന്നെ വിശ്വസ്തതയും ഉത്തരവാദിത്തവുമുള്ളവരായിരിക്കും. മുഹമ്മദ് നബിയുടെ അസാധാരണമായ വിശ്വസ്തതയും സത്യസന്ധതയും കണ്ട് പ്രവാചകത്വത്തിന് മുമ്പേ ജനങ്ങൾ അദ്ദേഹത്തെ അൽഅമീൻ-അതിവിശ്വസ്തൻ- എന്നു വിളിച്ചിരുന്നു.

തഖ്‌വയും ഇത്വാഅത്തും (ദൈവഭക്തിയും പ്രവാചകനോടുള്ള അനുസരണവും) ഈ സന്ദർഭത്തിൽ രണ്ടു വട്ടം ആവർത്തിച്ചിരിക്കുന്നു. അല്ലാഹുവിനെ ഭയപ്പെട്ട് എന്നെ അനുസരിക്കുന്നത് ഇനിയും നീട്ടിവെക്കാൻ സമയമില്ല എന്നാണ് അതിന്റെ ഒരു താൽപര്യം. പ്രവാചകനെ അനുസരിക്കുകയാണ് തഖ്‌വയുടെ പ്രയോഗം എന്നാണ് മറ്റൊരു താൽപര്യം. ഈമാനും ഇബാദത്തും പോലെയാണ് തഖ്‌വയും ഇത്വാഅത്തും. പ്രവാചകന്മാർ പറഞ്ഞാണ് നാം ദൈവിക സന്ദേശം അറിയുന്നത്. പ്രവാചകനെ വിശ്വസിക്കാതെ ആ സന്ദേശം അംഗീകരിക്കാൻ കഴിയില്ല. ദൈവിക സന്ദേശം പ്രാവർത്തികമാക്കാൻ പ്രവാചകനെ അനുകരിക്കുകയല്ലാതെ മാർഗമില്ല. പ്രവാചകനോടുള്ള അനുസരണം അല്ലാഹുവിനുള്ള അനുസരണവും ഇബാദത്തുമാകുന്നു. ■

---

وَمَا أَسْأَلُكُمْ عَلَيْهِ مِنْ أَجْرٍ ۖ إِنْ أَجْرِيَ إِلَّا عَلَىٰ رَبِّ الْعَالَمِينَ ﴿١٠٩﴾

109. ഈ ദൗത്യത്തിന് ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എന്റെ പ്രതിഫലം പ്രപഞ്ചനാഥന്റെ മാത്രം ഉത്തരവാദിത്തത്തിലാണ്.

فَاتَّقُوا اللَّهَ وَأَطِيعُونِ ﴿١١٠﴾

110. ആകയാൽ നിങ്ങൾ അല്ലാഹുവിൽ ഭയഭക്തിയുള്ളവരാകുവിൻ; എന്നെ അനുസരിക്കുവിൻ.

**109,110**

وَمَا أَسْأَلُكُمْ = ഞാൻ നിങ്ങളോട് ചോദിക്കുന്നില്ല
عَلَيْهِ = അതിന്മേൽ (ഈ ദൗത്യത്തിന്)
مِنْ أَجْرٍ = യാതൊരു പ്രതിഫലവും
إِنْ أَجْرِيَ = എന്റെ പ്രതിഫലം അല്ല (മാത്രമാകുന്നു)
إِلَّا عَلَىٰ رَبِّ الْعَالَمِينَ = ലോകങ്ങളുടെ (പ്രപഞ്ച)നാഥന്റെ മേൽ അല്ലാതെ (ഉത്തരവാദിത്തത്തിലാകുന്നു)
فَاتَّقُوا اللَّهَ وَأَطِيعُونِ = ആകയാൽ നിങ്ങൾ അല്ലാഹുവിൽ ഭയഭക്തിയുള്ളവരാകുവിൻ, എന്നെ അനുസരിക്കുവിൻ

അനാചാരവും അധർമവും അഴിമതിയും കൊടികുത്തിവാഴുന്ന ഒരു സമൂഹത്തിൽ ധർമോപദേശവുമായി എത്തുന്ന സാത്വികന്മാരിൽ ജനം കാപട്യവും സ്വാർഥതയും ആരോപിക്കുക സാധാരണമാണ്. ഇതിന് രണ്ട് കാരണമുണ്ട്. ആളുകൾ മറ്റുള്ളവരെ തങ്ങളെപ്പോലെ കാണാനാഗ്രഹിക്കുന്നുവെന്നതാണ് ഒന്ന്. വെറുതെ ആരും ഇങ്ങനെയൊരു പ്രസ്ഥാനവുമായി വരില്ല. തീർച്ചയായും അയാൾ എന്തോ ലാഭം പ്രതീക്ഷിക്കുന്നുണ്ട്. ഈ പ്രസ്ഥാനത്തിൽ ആളെക്കൂട്ടി അവരുടെ നേതാവാകാം. അവരുടെ ആദരവും വിധേയത്വവും നേടാം. അങ്ങനെ അവരുടെ ആചാര്യനും അധികാരിയുമാകാം. അവരിൽനിന്ന് കാഴ്ചകളും നേർച്ചകളും ശേഖരിച്ച് സമ്പന്നനാവാം.... ഇതൊക്കെയായിരിക്കണം അയാളുടെ ലാക്ക്. ധർമപ്രബോധകന്റെ നിസ്വാർഥതയും നിഷ്കളങ്കതയും സമ്മതിക്കുന്നത് തങ്ങളനുവർത്തിച്ചുവരുന്ന നിലപാടുകളും നടപടികളും തെറ്റാണെന്ന് സമ്മതിക്കുന്നതിനു തുല്യമാണെന്ന ബോധമാണ് രണ്ടാമത്തെ കാരണം. ഇത്തരം സംശയാലുക്കളെയും ആരോപകരെയും എല്ലാ പ്രവാചകന്മാർക്കും നേരിടേണ്ടിവന്നിട്ടുണ്ട്. ഞങ്ങൾ നിങ്ങളോട് ഒരു പ്രതിഫലവും തേടുന്നില്ല, ഞങ്ങളുടെ പ്രതിഫലം അല്ലാഹുവിങ്കലാണ് എന്നായിരുന്നു എല്ലാ പ്രവാചകന്മാരുടെയും മറുപടി. അതായത്, ഞങ്ങളുടെ ഏതെങ്കിലും തരത്തിലുള്ള ഭൗതിക താൽപര്യമല്ല, ദൈവഭയവും നിങ്ങളോടുള്ള ഗുണകാംക്ഷയും മാത്രമാണ് ഈ ദൗത്യത്തിന് പ്രേരകം. നിങ്ങൾ എന്റെ സന്ദേശം കൈക്കൊള്ളുന്നുവെങ്കിൽ അതിന്റെ ഗുണം നിങ്ങൾക്കു തന്നെയാണ്. സന്ദേശം നിങ്ങളിലെത്തുന്നതോടെ എന്റെ ചുമതല തീർന്നു. അതെത്തിച്ചതിനുള്ള പ്രതിഫലം അല്ലാഹുവിങ്കൽ സ്ഥിരപ്പെടുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ വൃഥാ ശങ്കകളും ദുരാരോപണങ്ങളും വെടിഞ്ഞ് അല്ലാഹുവിനെ ഭയപ്പെടുവിൻ, എന്നെ അനുസരിക്കുവിൻ. ■